# കേരള സർവകലാശാല

നം. പി.ആർ.014/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബി.എ ഫലം

കേരള സർവകലാശാല സെപ്റ്റംബർ/ഒക്ടോബറിൽ നടത്തിയ ബി.എ ആന്വൽ സ്കീം പാർട്ട് മൂന്ന് മെയിൻ & സബ്സിഡിയറി പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 21 വരെ അപേക്ഷിക്കാം. ബി.എ ഡിഗ്രി (ആന്വൽ സ്കീം) പാർട്ട് മൂന്ന് മെയിൻ & സബ്സിഡിയറി സപ്ലിമെന്ററി പരീക്ഷയ്ക്ക് പിഴകൂടാതെ ഫെബ്രുവരി 26 (50 രൂപ പിഴയോടെ ഫെബ്രുവരി 29, 250 രൂ പിഴയോടെ മാർച്ച് രണ്ട്) വരെ അപേക്ഷിക്കാം.

### ഡിഗ്രി : മൂല്യനിർണ്ണയത്തിന് ഹാജരാകണം

കേരള സർവകലാശാല ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.എ/ബി.എസ്സി/ബി.കോം സി.ബി.സി.എസ്.എസ്/കരിയർ റിലേറ്റഡ് പരീക്ഷകളുടെ മൂല്യനിർണ്ണയ ക്യാമ്പുകൾ തിരുവനന്തപുരം സെനറ്റ് ഹൗസ് കാമ്പസ്, ഗവ. ആർട്സ് കോളേജ്, കൊല്ലം എസ്.എൻ കോളേജ്, പന്തളം ഡി.ഒ.ഐ.സി, ആലപ്പുഴ ഡി.ഒ.ഐ.സി എന്നിവിടങ്ങളിൽ തുടങ്ങും. ബി.എ/ബി.കോം എന്നിവയുടെ മൂല്യനിർണ്ണയം ഫെബ്രുവരി 18-നും ബി.എസ് സി, അഡീഷണൽ ലാംഗ്വേജ്, ഇംഗ്ലീഷ് എന്നിവയുടെ മൂല്യനിർണ്ണയം ഫെബ്രുവരി 19-നും തുടങ്ങും. കരിയർ റിലേറ്റഡ് കോഴ്സുകളുടെ മൂല്യനിർണ്ണയ ക്യാമ്പ് സെനറ്റ് ഹൗസ് കാമ്പസിൽ ഫെബ്രുവരി 18-നും തുടങ്ങും. ബന്ധപ്പെട്ട അദ്ധ്യാപകർ അതത് ക്യാമ്പുകളിൽ ഹാജരാകണം.

### ബി.എസ്സി : പുനർമൂല്യനിർണ്ണയം : തീയതി നീട്ടി

കേരള സർവകലാശാല ഫെബ്രുവരി മൂന്നിന് പ്രസിദ്ധീകരിച്ച നാലാം സെമസ്റ്റർ ബി.എസ്സി ഫിസിക്സ് ആൻഡ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (328 - 2013 അഡ്മിഷൻ - റഗുലർ) പരീക്ഷയുടെ പുനർമൂല്യനിർണ്ണയത്തിന് അപേക്ഷിക്കാനുള്ള തീയതി മാർച്ച് മൂന്ന് വരെ നീട്ടി.

### എൽ.എൽ.ബി സൂക്ഷ്മപരിശോധന

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ ഒന്നാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്കായി അപേക്ഷിച്ചവർ പുനർമൂല്യനിർണ്ണയ വിഭാഗത്തിൽ ഫെബ്രുവരി 18 മുതൽ 26 വരെയുള്ള പ്രവൃത്തിദിവസങ്ങളിൽ വൈകുന്നേരം മൂന്ന് മണിമുതൽ അഞ്ച് മണിവരെയുള്ള സമയങ്ങളിൽ ഹാൾടിക്കറ്റ്, തിരിച്ചറിയൽ കാർഡ് എന്നിവ സഹിതം ഹാജരാകണം.

### എം.ഫിൽ : യൂണിവേഴ്സിറ്റി സ്കോളർഷിപ്പ്

കേരള സർവകലാശാലയുടെ എം.ഫിൽ കോഴ്സിന്റെ (2015-16 അഡ്മിഷൻ) യൂണിവേഴ്സിറ്റി സ്കോളർഷിപ്പിന് അർഹരായവരുടെ പ്രൊവിഷണൽ ലിസ്റ്റ് വെബ്സൈറ്റിൽ (www.keralauniversity.ac.in) What's New എന്ന ലിങ്കിൽ ലഭിക്കും.

പ്രൊവിഷണൽ ലിസ്റ്റിനെ സംബന്ധിച്ച പരാതികൾ അതത് പഠനവകുപ്പ് മേധാവികൾ ഫെബ്രുവരി 25-നകം സർവകലാശാലയിൽ സമർപ്പിക്കണം.

## മാർക്ക്ലിസ്റ്റ് കൈപ്പറ്റണം

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം ജൂലൈ/ആഗസ്റ്റിൽ നടത്തിയ എം.എ ഇക്കണോമിക്സ് പ്രീവിയസ് & ഫൈനൽ പരീക്ഷകളുടെ മാർക്ക്ലിസ്റ്റുകൾ ഫെബ്രുവരി 18, 19, 20 തീയതികളിൽ പാളയം എസ്.ഡി.ഇ ഓഫീസിൽ നിന്നും ഹാൾടിക്കറ്റ്, ഡിഗ്രി സർട്ടിഫിക്കറ്റിന്റെ പകർപ്പ് സഹിതം വന്ന് കൈപ്പറ്റണം.

## സമ്പർക്കക്ലാസ്

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗത്തിന്റെ രണ്ടാം വർഷ ബിരുദ ക്ലാസുകൾ തിരുവനന്തപുരം, കൊല്ലം കേന്ദ്രങ്ങളിൽ ഫെബ്രുവരി 20 മുതൽ പുനരാരംഭിക്കും. കാര്യവട്ടം കാമ്പസിൽ നടത്തിവന്നിരുന്ന രണ്ടാം ബി.എ (ഇംഗ്ലീഷ്), രണ്ടാം എം.എ (പൊളിറ്റിക്കൽ സയൻസ്) ക്ലാസുകൾ പാളയം എസ്.ഡി.ഇ-യിലേക്ക് മാറ്റി. മറ്റ് ക്ലാസുകൾക്ക് മാറ്റമില്ല.

## ശിൽപശാല

കേരള സർവകലാശാലയുടെ ആഭിമുഖ്യത്തിൽ മാനവശേഷി വികസന വകുപ്പിന്റെ ആൾ ഇൻഡ്യ സർവ്വേ ഓൺ ഹയർ എഡ്യൂക്കേഷൻ (AISHE) എന്ന ശിൽപശാലയുടെ കോളേജ്തല നോഡൽ ഓഫീസർമാർക്കുള്ള യോഗം ഫെബ്രുവരി 20 രാവിലെ 10.30-ന് കാര്യവട്ടം സ്റ്റാറ്റിസ്റ്റിക്സ് പഠനവകുപ്പിൽ നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) What's New എന്ന ലിങ്കിൽ ലഭിക്കും. ഫോൺ 9447310097.

(ഒപ്പ്)
ഡോ. ലാൽ സി.എ.
പബ്ലിക് റിലേഷൻസ് ഓഫീസർ

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
17.02.2016

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ